പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1126 14.06.2012 - ൽ മറുപടിക്ക്

## നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനു വേണ്ടി പൊതുമാർക്കറ്റിൽ കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിന് നിലവിലുള്ള സംവിധാനങ്ങൾക്കു പുറമേ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | വിപണിയിലുണ്ടാകുന്ന വിലവ്യത്യാസം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നിലവിലുള്ള മാർക്കറ്റിടപെടൽ പദ്ധതി പര്യാപ്തവും ഫലപ്രദവുമാണ്. പച്ചക്കറികൾക്ക് അന്യ സംസ്ഥാനങ്ങളിൽ ഉണ്ടായ ദൗർലഭ്യംമൂലം ഉണ്ടായ വിലവർദ്ധന നേരിടാൻ സപ്ലൈകോയും ഹോർട്ടികോർപ്പും സംയുക്തമായി പച്ചക്കറി വില്പന സംഘടിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് 45 സപ്ലൈകോ കേന്ദ്രങ്ങളിൽ പച്ചക്കറി കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇതിനുപുറമേ സപ്ലൈകോ വില്പന ശാലകളിലൂടെയും (ഹൈപ്പർമാർക്കറ്റ്/പീപ്പിൾസ് ബസാർ/സൂപ്പർ മാർക്കറ്റ് എന്നിവയിൽ) പച്ചക്കറി കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.